ചവറ മണൽ കമ്പനി.

* 353. [51] ശ്രീ പ്രാക്കുളം മോസി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ശ്രീ. ചട്ടനാഥകരയാളരുടെ വക ചവറയിലുള്ള മണൽ കമ്പനി ഏതു വർഷത്തിലാണ് ഗവണ്മെൻറ് നിന്നും വിലയ്ക്കെടുത്തത്;

(ബി) എന്തു വില കൊടുത്തു;

(സി) മി. കരയാളർ നടത്തിക്കൊണ്ടിരുന്നതിനേക്കാൾ കൂടുതൽ തൊഴിലാളികൾക്ക് കൊടുക്കാനുണ്ടായിരുന്ന കൂലിയും ബോണസും ഗവണ്മെൻറ് ഏറ്റെടുക്കുന്നതിനു മുൻപു കൊടുത്തു തീർത്തിരുന്നോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1951-ൽ

(ബി) 4,91,633 രൂപ വില വച്ചിട്ടുണ്ട്.

(സി) ഇല്ല.

പണിമുടക്ക്.

* 354. [52] ശ്രീ. പ്രാക്കുളം മോസി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

( ) ചവറ ഗവണ്മെൻറ് വക മണൽ കമ്പനികളിൽ 3-6-1955-മുതൽ തൊഴിലാളികൾ പണിമുടക്കുകയുണ്ടായോ;

(ബ) ഇതിനെപ്പറ്റിയുള്ള അന്വേഷണം നിർത്തിയിരുന്നതു് എന്നാണ് ടി. എം. സി. യിൽ വീണ്ടും തുടങ്ങിയതു്;

(സ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരമാണോ ഗവണ്മെൻറ് വ്യവസായശാലകളിലേക്ക് തൊഴിലാളികളെ എടുക്കുന്നതു്; ഇതു് ശരിയായി സ്വീകരിച്ചിരിക്കുകയാണോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടായി.

(ബി) 3-6-1955 മുതൽ തുടങ്ങി.

(സി) ടി. എം. സി. ചവറയിൽ തൊഴിലാളികളെ എടുക്കുന്നതു് എംപ്ലോയിമെൻറ് എക്സ്ചേഞ്ച് മുഖാന്തിരം വേണമെന്നാണ് ഗവണ്മെൻറ് നിശ്ചയിച്ചിരിക്കുന്നതു്. ഉവ്വ്.

വെറ്ററിനറി കോളേജ്.

* 355. [54] ശ്രീ. സി. കേശവൻ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യകൃഷിമന്ത്രി സദയം മറുപടി നൽകുമോ :

സ്റ്റേറ്റിൽ ഇപ്പോൾ ആരംഭിച്ചിട്ടുള്ള വെറ്ററിനറി കോളേജിൽ വെറ്ററിനറി സ്റ്റോക്കുമെൻസ് കോഴ്സിൽ പാസ്സായിട്ടുള്ളവരെ ഉപരിപഠനത്തിനു് എടുക്കാതിരിക്കാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹ്മാൻ):

ഉണ്ട്. വെറ്ററിനറി കോളേജ് ആരംഭിച്ചിട്ടുള്ളതു് ഡിഗ്രി കോഴ്സ് ആയതിനാൽ നിശ്ചിത യോഗ്യതകൾ ഇല്ലാത്തവർക്ക് പ്രവേശനം നൽകുന്നതിനു് സാദ്ധ്യമല്ല.

മൂത്രപത്രികളിലേയ്ക്ക് അനുവദിച്ചിട്ടുള്ള മരുന്നു്.

* 356. [55] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ:

(എ) മൂത്രപത്രികളിലേയ്ക്കു് അനുവദിച്ചിട്ടുള്ള മരുന്നു് ഏതെങ്കിലും ആശുപത്രിയിലേയ്ക്കു് ഇതുവരെ കൊടുക്കാതിരുന്നുണ്ടോ;

(ബി) ഉവ്വെങ്കിൽ ഏതെല്ലാം ആശുപത്രികളിലേയ്ക്കു് കൊടുത്തിട്ടില്ല; കൊടുക്കാത്തതിനു വല്ല കാരണവുമുണ്ടോ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹ്മാൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

എറണാകുളം മഹാരാജാസ് കോളേജു പ്രവേശനം.

* 357. [56] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിൽ വിദ്യാർത്ഥികൾക്കു് പ്രവേശനം നടത്തുന്ന കാര്യത്തിൽ പിന്നോക്കസമുദായങ്ങളിൽപ്പെട്ടവർക്കു് സീറ്റു് റിസർവ്വു് ചെയ്യുന്നതു മൂലം സമുദായത്തിൽപ്പെട്ട അപേക്ഷകരുടെ ശതമാനം നോക്കിയാണോ;

(ബി) മെഡിക്കൽ കോളേജിലും എൻജിനീയറിംഗ് കോളേജിലും പിന്നോക്കസമുദായക്കാർക്കു് സീറ്റു് റിസർവ്വു് ചെയ്തിട്ടുള്ളതു് ഒരു നിശ്ചിത ശതമാനം അനുസരിച്ചാണോ; അല്ലെങ്കിൽ ടി സമുദായങ്ങളിൽപ്പെട്ട അപേക്ഷകരുടെ ശതമാനം അനുസരിച്ചാണോ;

(സി) അല്ലെങ്കിൽ അതിനു കാരണമെന്തു്?

മുഖ്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) അതേ.

(ബി) ആകെയുള്ള സീറ്റുകളുടെ ഒരു നിശ്ചിതശതമാനമാണു് റിസർവ്വു് ചെയ്തിട്ടുള്ളതു്. മെഡിക്കൽ കോളേജിൽ മൂന്നിൽ ഒരു ഭാഗം സീറ്റുകളും എൻജിനീയറിംഗ് കോളേജിൽ 15 ശതമാനം സീറ്റുകളും പിന്നോക്കസമുദായക്കാർക്കു് സംവരണം ചെയ്തിട്ടുണ്ടു്.

(സി) വിവിധകോഴ്സുകൾക്കു് ആവശ്യാനുസരണം സീറ്റുകൾ സംവരണം ചെയ്തിരിക്കുകയാണു്.

പാലങ്ങളുടെ പണി.

* 358. [57] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-56-ൽ പണിയുവാൻ ഉദ്ദേശിച്ചിട്ടുള്ള പാലങ്ങൾ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly